**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2801** | **28-02-2023 - ൽ മറുപടിയ്ക്ക്**

**വൃക്ഷസമൃദ്ധി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വൃക്ഷസമൃദ്ധി പദ്ധതി നടപ്പിലാക്കുന്നത് വഴി ഗ്രാമീണ മേഖലയിൽ എത്ര തൊഴിൽ സൃഷ്ടിക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ; | (എ) | വൃക്ഷസമൃദ്ധി പദ്ധതി നടപ്പിലാക്കുന്നത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേനെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ്. പഞ്ചായത്തുകളിൽ നിന്നും ലഭിച്ച കണക്കനുസരിച്ച് 35.93 ലക്ഷം വൃക്ഷത്തൈകൾ ടി പദ്ധതി പ്രകാരം ഇതിനോടകം നട്ടുപിടിപ്പിച്ചിട്ടുണ്ട്. ഇപ്രകാരം തൈകൾ നട്ടുപിടിപ്പിക്കുന്നതിനായി ഏകദേശം 40 ലക്ഷത്തിൽപ്പരം തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ പഞ്ചായത്തുകൾക്ക് കഴിഞ്ഞിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | പ്രസ്തുത പദ്ധതിക്കായി 2021-2022 വർഷത്തിൽ വിത്തുകൾ നൽകുകയും, തൈകൾ ഉത്പാദിപ്പിക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകുകയും മാത്രമാണ് വനം വകുപ്പ് ചെയ്തത്. 2022-23 സാമ്പത്തിക വർഷം മുതൽ വൃക്ഷത്തൈകൾ ഉത്പാദിപ്പിക്കുന്നതിനുള്ള സാങ്കേതിക സഹായം മാത്രമാണ് വനംവകുപ്പ് നൽകുന്നത്. |

സെക്ഷൻ ഓഫീസർ